# സ്നേഹപൂർവ്വം...

ISSUE 1 A MONTHLY NEWS LETTER OF MGOCSM,BASELIUS COLLEGE UNIT JUNE 2017

# അലക്സാണ്ടർ സർ പടിയിറങ്ങി, ബസേലിയസ് കലാലയത്തിന് പുതിയ വനിതാ സാരഥി



**കോട്ടയം:** ബസേലിയസ് കലാലയത്തിന്റെ 12-ാമത് പ്രിൻസിപ്പലായി ഡോ. ജാൻസി തോമസ് സ്ഥാനമേറ്റു. നീണ്ട 33 വർഷത്തെ അദ്ധ്യാപക സേവനത്തിൽ നിന്നും പടിയിറങ്ങിയ പ്രൊഫ. അലക്സാണ്ടർ വി. ജോർജോജിന്റെ പിൻഗാമിയായി ആണ് ബസേലിയസ് കലാലയത്തിന്റെ പ്രഥമ വനിതാ സാരഥി സ്ഥാനമേറ്റത്. 1989ൽ ബസേലിയസ് കോളേജിൽ നിന്നും തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ച്, പിന്നീട് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ്, പാമ്പാടി കെ.ജി. കോളേജ് എന്നിവടങ്ങളിലും സേവനമനുഷ്ഠിച്ചിരുന്നു. പ്രിൻസിപ്പലായി ചുമതലയേൽക്കുമ്പോൾ നമ്മുടെ കോളേജിലെ ഹിന്ദി വിഭാഗം അദ്ധ്യക്ഷയായിരുന്നു. എ.ഒ.സി. കോളേജുകളുടെ കോൺഫ്രൻസ് കോ-ഓർഡിനേറ്റർ, സ്റ്റാഫ് ക്ലബ് പ്രസിഡന്റ്, പേട്രൻസ് ഡേ കൺവീനർ എന്നീ തലങ്ങളിലും പ്രിയ ടീച്ചർ നടത്തിയ സേവനങ്ങൾ ശ്രദ്ധേയമാണ്. എല്ലാ സദസ്സുകളുടേയും ചിന്താതലത്തെ സ്പർശിക്കുന്ന മികച്ച പ്രാസംഗിക, വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട അദ്ധ്യാപിക എന്നിങ്ങനെയുള്ള സത്പേരാണ് തന്റെ ഇരുപത്തിയെട്ട് വർഷത്തിലെ അദ്ധ്യാപക ജീവിതത്തിലെ വിശിഷ്ട സമ്പാദ്യം. കങ്ങഴ പുതുപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് ജോർജ് പി. മാത്യു. ദീപ സൂസൻ ജോർജ്, സുദീപ് മാത്യു ജോർജ് എന്നിവരാണ് മക്കൾ. മരുമകൻ: ജിക്കു മാത്യു ജോൺ. ചെറുമകൻ: ഈദൻ ജോൺ മാത്യു.

ആയിരക്കണക്കിന് വരുന്ന വിദ്യാർത്ഥികൾക്ക് വിദ്യ എന്ന വെളിച്ചം നീണ്ട 33 വർഷക്കാലം പകർന്ന് നല്കിയ ശേഷം അദ്ധ്യാപകൻ എന്ന നിലയിൽ ആയിരുന്നു പ്രൊഫ. അലക്സാണ്ടർ വി. ജോർജിന്റെ പടിയിറക്കം. ബസേലിയസ് കലാലയത്തിന് നേട്ടങ്ങളുടെ സുവർണ്ണകാലമായിരുന്നു കഴിഞ്ഞുപോയത്. യൂണിവേഴ്സിറ്റി തലത്തിൽ ഉന്നത വിജയത്തിന്റെ പൊൻതിളക്കവുമായി എട്ടു വിദ്യാർത്ഥികൾ ഈ കാലയളവിൽ ഉണ്ടായി. കോളേജിൽ വർഷങ്ങളായി നിലനിന്നിരുന്ന പാർക്കിംഗ് രീതിയെ മാറ്റി പുനഃസ്ഥാപിച്ച തന്റെ ഭരണ പരിഷ്കാരങ്ങൾ സമ്മാനിച്ചത് കലാലയത്തിന് ഒരു പുത്തൻ മുഖച്ഛായ തന്നെയായിരുന്നു. കായിക താരങ്ങൾക്ക് സ്പോർട്സ് ഹോസ്റ്റൽ തുടങ്ങി കലാലയ ചരിത്രത്തിൽ വികസനങ്ങളുടെ വിസ്മയം സൃഷ്ടിച്ച കാലഘട്ടമായിരുന്നു കഴിഞ്ഞുപോയത്. കലാലയത്തെ ഉന്നതിയിലേക്ക് നയിക്കുവാൻ പ്രാരംഭ പങ്ക് വഹിച്ച വ്യക്തിയാണ് അലക്സാണ്ടർ സാർ എന്ന് സ്ഥാനമേറ്റ പ്രിൻസിപ്പൽ, ഡോ. ജാൻസി തോമസ് അഭിപ്രായപ്പെട്ടു. "നമ്മൾ ഏവരും ജോലിയിൽ സത്യസന്ധത പുലർത്തണം." എന്ന അദ്ദേഹത്തിന്റെ വാക്കുകൾ തനിക്ക് ഏറെ പ്രയോജനമായെന്നും, നമ്മുടെ കലാലയത്തിന് നാല് ചുറ്റും ഏലിയ ദീർഘദർശിയുടെയും, മാതാവിന്റെയും, പരിശുദ്ധ പരുമല തിരുമേനിയുടെയും ആത്മീയ സംരക്ഷണം ഉള്ളതിനാൽ യാതൊരുവിധ പ്രതിസന്ധികളേയും കണ്ട് ഭയക്കേണ്ട എന്ന അദ്ദേഹത്തിന്റെ വാക്കുകളും ഈ അവസരത്തിൽ പുതിയ സാരഥി പങ്കുവെച്ചു.






## ആത്മാവിന്റെ ഫലങ്ങൾ

സ്നേഹം
സന്തോഷം
സമാധാനം
ദീർഘക്ഷമ
ദയ
പരോപകാരം
വിശ്വസ്തത
സൗമ്യത
ഇന്ദ്രിയജയം

# സ്നേഹപൂർവ്വം സഹോദരർക്ക്...

വായിച്ചു വായിച്ച് അരികുകളിലെല്ലാം അഴുക്കുപറ്റിയെങ്കിലും അകത്തുള്ള പേജുകളിൽ കാണാനിഷ്ടമുള്ള ചിത്രങ്ങളുള്ള ഒരു നോവൽ ഇതെഴുതുമ്പോൾ അരികിലുണ്ട്. മുട്ടത്തുവർക്കിയുടെ ഒരു കുടയും കുഞ്ഞിപ്പെങ്ങളും, പെങ്ങൾക്ക് സ്വർണ്ണക്കുരുവിയുടെ പിടിയുള്ള ഒരു കൊച്ചുകുട മേടിക്കാനായി വീടുവിട്ടിറങ്ങിയ ബേബിയുടെ കഥയാണിത്. വായിച്ചു തീരുമ്പോഴൊക്കെ ബാക്കിയാകുന്ന ഒരു ചെറുനൊമ്പരത്തിൽ നിന്നാണ് തുടർന്നു പറയേണ്ടത്.

കൊച്ചു കുട്ടിയായിരുന്നപ്പോൾ, കൂട്ടാകരോടൊപ്പം അവരുടെ കുഞ്ഞിക്കൈയും ബാഗും പിടിച്ച് ക്ലാസിൽ കൊണ്ടുചെന്നാക്കിയിരുന്ന ചേട്ടന്മാരെ കണ്ടു കൊതിച്ചിട്ടുണ്ട്. അതുകൊണ്ടാവണം, അവധിക്കാലത്ത് വീട്ടിലലെത്തുന്ന അച്ചാച്ചന്മാരോടൊപ്പം, മീൻ പിടിക്കുമ്പോഴും, കുട്ടിയുംകോലും കളിക്കുമ്പോഴും സിനിമ കാണുമ്പോഴും മനസ്സു നിറയെ സന്തോഷിച്ചിരുന്നത്. ആ ഓർമ്മകളുടെ നിറവിൽ നിൽക്കുമ്പോഴാണ് ബന്ധങ്ങളെ പുനർനിർവചിക്കുന്ന ഈ കാലത്ത് ഏറ്റവുമധികം പരിക്കുപറ്റിയ ബന്ധുവാണ് ഒരു സഹോദരൻ എന്നു തോന്നുന്നത്.

ഒടപ്പിറന്നോനും, ആങ്ങളയും, കൂടെപ്പിറപ്പും, അച്ചാച്ചനും, ചേട്ടായിയും, ചേട്ടച്ചനും, ഇച്ചാച്ചനും ചുരുങ്ങി ചുരുങ്ങി പുത്തൻ പ്രയോഗമായ 'ബ്രോ' എന്ന ഒറ്റയക്ഷരമായി മാറുകയും അൽപ്പം അകൽച്ചയോടെയും പരിഹാസത്തോടെയും നൽകുന്ന വിശേഷണമായി സഹോദരൻ മാറ്റി നിർത്തപ്പെടുകയും ചെയ്യുന്നത് കാണാം. എന്റെ സഹോദരീ സഹോദരന്മാരെ എന്ന് വിവേകാന്ദൻ വിശ്രുതമാക്കിയ സംബോധനയ്ക്ക് പോലും നമ്മുടെ കോളേജുകളിലെ വലിയ ആരവങ്ങൾക്കിടയിൽ ഇടം കണ്ടെത്താനാവില്ല ഇന്ന്. അതുമല്ലെങ്കിൽ പ്രണയിച്ച് പ്രണയിച്ച് മതിയായ കാമുകിയ്ക്ക്, വിട പറയുന്ന നിമിഷത്തിൽ ഇനിയൊരു ശല്യമാകാതിരിക്കാൻ കാമുകന് നൽകുന്ന സുരക്ഷിതവും സ്വീകാര്യവുമായ സ്ഥാനമായി മാറി ഈ ബന്ധം. ഫ്രഞ്ചു വിപ്ലവത്തിന്റെ തീയിൽ നിന്നുയർന്ന സാഹോദര്യത്തെ നമ്മുടെ രാജ്യം അതിനും മുമ്പ് അനൗദ്യഗികമായും അതിനുശേഷം ഔദ്യോഗികമായും ഏറ്റെടുത്തെങ്കിലും നാമേറ്റു ചൊല്ലുന്ന പ്രതിജ്ഞയിലെ സാഹോദര്യം പലപ്പോഴും പൊതുസമൂഹത്തിൽ ഫലിതം മാത്രമായി മാറാറുണ്ട്. രക്തബന്ധങ്ങളുടെ തണലിലുള്ള സഹോദര ബന്ധങ്ങളെക്കുറിച്ചല്ല, അതില്ലാതെ തന്നെ ശക്തമായിരുന്ന ബന്ധങ്ങളിലെ സാഹോദര്യത്തെക്കുറിച്ചാണ് ഇവിടെ ചിന്തിക്കേണ്ടത്.

രാത്രിയൽപ്പം വൈകി ഒരു പെൺകുട്ടി ബസിറങ്ങിയാൽ ഇന്നയിടത്തെ കുട്ടിയല്ലേ എന്ന് തിരിച്ചറിയാനും, എന്താ വൈകിയേ എന്ന് ഉറക്കെ ചോദിക്കാനും, മറുപടി കേൾക്കാൻ കാക്കാതെതന്നെ മുണ്ടും മടക്കിക്കുത്തി, ടോർച്ചടിച്ച് മുൻപിൽ നടക്കുവാനും വീട്ടുമുറ്റം വരെ കൊണ്ടുചെന്നാക്കുവാനും മടിക്കാതെ ആങ്ങളമാരുടെ സമ്പന്നത നമ്മുടെ നാടിന്റെ ഒരു സ്ഥിരം കാഴ്ചയായിരുന്നു. നമ്മുടെ വരവുപോക്കുകളെ ശ്രദ്ധിച്ചുകൊണ്ട്, കാത്തുനിൽക്കുന്ന ഒരു സാന്നിധ്യം നാടിന്റെ പൊതു ഇടങ്ങളിൽ ധാരാളമായിരുന്നു. എന്നാൽ ഇന്ന് നിരീക്ഷണങ്ങൾ തുറിച്ചു നോട്ടങ്ങളും കുശലങ്ങൾ കമന്റടികളും സംരക്ഷണം ആക്രമണവുമായി മാറിക്കൊണ്ടിരിക്കുന്നു. ഇതിലൊന്നിലും പെടാതെ, വയ്യാവേലികളെ ഭയന്ന് കണ്ണടച്ച് മാറിനിൽക്കുന്ന ഒരു സമൂഹമാണ് അതിലും വേഗം പെരുകുന്നത്. ഒരു പെൺ നിലവിളി കേട്ടാൽ പോലും തിരിഞ്ഞു നോക്കാതെ ഓടി മറയാനാണ് എല്ലാവരും ആഗ്രഹിക്കുന്നത് തന്നെ. സുഗതകുമാരി ടീച്ചർ പറഞ്ഞുവച്ച് ഒരു ആശയം മനസ്സിലിപ്പോഴും തെളിഞ്ഞുനിൽക്കുന്നുണ്ട്. "ഒരു അപകടമുണ്ടാകുമ്പോൾ ഭയം കൊണ്ട് തളർന്ന ഒരു പെൺകുട്ടിയുടെ കണ്ണുകൾ ആദ്യം തിരയുന്നത് ഒരു സഹോദരനെ ആയിരിക്കും, അച്ഛനെയോ, കാമുകനെയോ ആവില്ല." സഹോദരൻ ഒരു പെണ്ണിന്റെ ബലഹീനതയല്ലാ സമ്പന്നതയാണ്.

സഹോദരൻ കാവൽക്കാരനാണോ എന്ന നൂറ്റാണ്ടുകളുടെ പഴക്കമുള്ള ചോദ്യം ബൈബിളിന്റെ ആദ്യ പുസ്തകത്തിന്റെ ആദ്യ ഭാഗത്തു തന്നെ ഉയരുന്നതാണ്. ഈ ചോദ്യത്തിന് ഇന്നു പ്രസക്തിയുണ്ട്. കാരണം ഇതിന്റെ ഉത്തരം പലപ്പോഴും നമ്മുടെ ലോകം കണ്ടെത്താതെ പോകുന്നു എന്നതാണ്.

ഒരു പെണ്ണും ആണും തമ്മിലുള്ള ബന്ധത്തെ കീറിമുറിച്ച് പരിശോധിക്കുന്ന ഈ തലമുറയിൽ, രക്തബന്ധത്തിന്റെ താങ്ങില്ലാതെ ഒരു സാഹോദര്യത്തെ സൃഷ്ടിച്ചെടുക്കാൻ വളരെ ബുദ്ധിമുട്ടാണ്. സംശയത്തിന്റെ നോട്ടങ്ങളും കയ്യിൽ ചൂരലുകളുമായി നമുക്കു നേരെ അവർ ചാടി വീഴുമ്പോൾ പലപ്പോഴും തെളിവുകളായി നിരത്താൻ ഐഡി കാർഡുകളില്ലാതെ പകച്ചു നിൽക്കുകയേ വഴിയുള്ളൂ. രക്തബന്ധങ്ങളെപ്പോലും വിശ്വസിക്കാനാവത്തതെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലത്ത് അത്തരം ധാരണകളെ തിരുത്തേണ്ട ചുമതല ആരുടേതാണെന്ന് എന്ന ചോദ്യം ഉയരുമ്പോൾ, അതിനുത്തരമായി മാറാൻ ഞാനുൾപ്പെടുന്ന ഈ യുവതലമുറയ്ക്ക് സാധിക്കുമോ? എന്ന ചോദ്യം ബാക്കി നിർത്തട്ടെ. **അനായാസകരമായ ഒരൊറ്റ 'ടച്ചു'കൊണ്ട് ആയിരം സൗഹൃദങ്ങളെ സൃഷ്ടിക്കാൻ കഴിയുന്ന ഇന്ന്, ആയാസത്തോടെ, ആത്മാർത്ഥതയോടെ ഒരു പെൺകുട്ടിക്കെങ്കിലും സഹോദരനായി മാറാൻ, കാപട്യങ്ങളില്ലാതെ ഒരു സഹോദരിയായി മാറാൻ തയാറാകുമോ എന്ന ചോദ്യം നിങ്ങൾക്കായി ബാക്കി വയ്ക്കുന്നു.**

**മിഷേൽ**, ഡിദ-മലയാളം

# മലാലയുടെ വാക്കുകൾ...

സകല മനുഷ്യരാശിയുടെ ഉടയവനും പരമകാരുണികനും നല്ലവനുമായ ദൈവത്തിന്റെ നാമത്തിൽ...

ഇന്ന് എനിക്ക് ഏറ്റവും സന്തോഷമുള്ള ദിനമാണ്. എന്നെ നോബേൽ ജേതാവായി തിരഞ്ഞെടുത്തതിൽ ഞാൻ വളരെ ഏറെ ബഹുമാനിതയായിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു ഇന്നും എനിക്കു ലഭിക്കുന്ന കത്തുകളിലെ നിങ്ങളുടെ പ്രചോദനമേറിയ വാക്കുകൾ ശക്തിയും ധൈര്യവും പകരുന്നു.

ആദ്യമായി ഞാൻ എന്റെ കുടുംബത്തോടു നന്ദി പറയുവാൻ ആഗ്രഹിക്കുന്നു. 'എന്റെ ചിറകുകളുടെ ശേഷി നശിപ്പിക്കാതെ സ്വതന്ത്രമായി പറക്കുവാൻ അനുവദിച്ച എന്റെ അച്ചനോടും', 'ക്ഷമയോടെ കാര്യങ്ങളെ നേരിടുവാനും ഞങ്ങൾ വിശ്വസിക്കുന്ന ഇസ്ലാമിന്റെ യഥാർത്ഥ സവിശേഷത സത്യം മാത്രം സംസാരിക്കുക എന്ന് പഠിപ്പിച്ച എന്റെ അമ്മയോടും' ഞാൻ നന്ദി പറയുന്നു. ഇന്നും ഞാനും എന്റെ സഹോദരങ്ങളും ലോകം മുഴുവനും വേണ്ടിയുള്ള സമാധാനത്തിനായി പൊരുതുന്നു. ആദ്യ പാക്കിസ്ഥാനിയും ഈ മികവ് നേടിയ ചെറിയ വ്യക്തിയുമായതിനാൽ ഞാൻ അഭിമാനിക്കുന്നു. അതിനോടൊപ്പം തന്നെ ഇന്ത്യക്കാരനായ, കുട്ടികളുടെ അവകാശത്തിനു വേണ്ടി പ്രയത്നിച്ച കൈലാഷ് സത്യാർത്ഥിയോടൊപ്പം ഈ സമ്മാനം പങ്കിടുന്നതിൽ ഞാൻ ഏറെ സന്തോഷവതിയാണ്. ഒരു ഇന്ത്യക്കാരനും ഒരു പാക്കിസ്ഥാനിയും ഒന്നിച്ച് നിന്ന് കുട്ടികളുടെ അവകാശത്തിനായി പൊരുതുവാൻ സാധിക്കുമെന്ന് ഈ ലോകത്തിനു നമ്മളിലൂടെ കാണിച്ചുകൊടുക്കണം.

'മലാല' എന്ന വാക്കിന്റെ അർത്ഥം 'ദുഃഖം', 'ദുഃഖം വ്യാപിച്ചിരിക്കുന്നു' എന്നൊക്കെയാണ്. എന്നാൽ അതിലേക്ക് കുറച്ച് സന്തോഷം പകരുവാൻ എന്റെ മുത്തച്ഛൻ എന്നെ വിളിച്ചിരുന്നത് – 'മലാല' ലോകത്തിന്റെ ഏറ്റവും സന്തോഷവതിയായ പെൺകുട്ടി എന്നാണ്. നമ്മളെല്ലാവരും ഒരേ ലക്ഷ്യത്തിനു വേണ്ടി ഒരുമിച്ചു നിൽക്കുന്നു എന്നുള്ളതിൽ ഇന്ന് ഞാൻ ഏറെ സന്തോഷവതിയാണ്.

ഈ സമ്മാനം എനിക്കു മാത്രമുള്ളതല്ല. വിദ്യാഭ്യാസം ആവശ്യമായതും നമ്മൾ മറന്നുപോയതുമായ കുഞ്ഞുങ്ങൾക്ക് ഭീകരതയുടെ നടുവിൽ ഭയന്നിരിക്കുന്ന സമാധാനം കാംക്ഷിക്കുന്ന കുഞ്ഞങ്ങൾക്കും, മാറ്റങ്ങൾ ആഗ്രഹിക്കുന്ന ശബ്ദമുയർത്താൻ കഴിയാത്ത കുഞ്ഞുങ്ങൾ, ഇവർക്കും കൂടി അവകാശപ്പെട്ടതാണ്. പ്രതികരണത്തിന്റെ സമയമാണിപ്പോൾ ഇനി ഒരിക്കലും ഒരു കുഞ്ഞിനും വിദ്യാഭ്യസം തിരസ്കരിക്കരുത്. ഇന്ന് ഞാൻ അവരുടെ ശബ്ദമായി അവരുടെ അധികാരങ്ങൾക്കുവേണ്ടി പൊരുതുന്നു. താലിബാൻ വെടിയുതിർത്ത പെൺകുട്ടി, അവകാശങ്ങൾക്കു വേണ്ടി സംസാരിക്കുന്നവൾ, നോബേൽ ബഹുമതിക്ക് അർഹയായവൾ എന്നൊക്കെ പലരും എന്നെ വിശേഷിപ്പിക്കുന്നു. എന്നാൽ ഞാൻ നല്ല വിദ്യാഭ്യാസം എല്ലാ കുഞ്ഞുങ്ങൾക്കും നൽകണമെന്നും എല്ലാ സ്ത്രീകൾക്കും അവരുടെ അവകാശങ്ങൾ നൽകണമെന്നും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സമാധാനം വേണമെന്നും ആഗ്രഹിക്കുന്ന ഒരു വ്യക്തിയാണ്. വിദ്യാഭ്യാസം എന്നത് ദൈവത്തിന്റെ അനുഗ്രഹമാണ്. പാക്കിസ്ഥാന്റെ ഉത്തരദിശയിലുള്ള 'സ്വാത്' താഴ്വരയിലുള്ള എന്റെ വീട്, എന്റെ വിദ്യാലയം പുതുതായി ഓരോ കാര്യങ്ങൾ പഠിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമായിരുന്നു. ഞാനിന്നും ഓർക്കുന്നു, വിശേഷാവസരങ്ങളിൽ ഞങ്ങൾ കൈകളിൽ മൈലാഞ്ചി കൊണ്ട് പൂക്കൾക്ക് പകരം ഗണിത സമവാക്യങ്ങളും നിയമങ്ങളും ചിത്രീകരിച്ചിരുന്നു.

ഞങ്ങൾക്ക് ഒരുമിച്ചിരുന്നു വായിക്കുവാനും പഠിക്കുവാനും അത്യുത്സാഹമായിരുന്നു. ഞങ്ങളുടെ കണ്ണുകളിൽ തെളിഞ്ഞിരുന്ന വലിയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാനും ഒരു ആൺകുട്ടിക്ക് മാത്രമല്ല പെൺകുട്ടിക്കും പഠനകാര്യങ്ങളിൽ ഉന്നത സ്ഥാനത്ത് എത്തുവാനും നേട്ടങ്ങൾ കൈവരിക്കുനാകുമെന്നും മാതാപിതാക്കൾക്ക് കാണിച്ചുകൊടുത്ത് അവരെ അഭിമാനമുള്ളവരാക്കി തീർക്കുവാൻ ഞങ്ങൾ പ്രയത്നിച്ചു. എന്നാൽ കാര്യങ്ങൾ എപ്പോഴും ഒരുപോലെ നിലനിന്നിരുന്നില്ല. എനിക്കു പത്തു വയസ്സുള്ളപ്പോൾ സൗന്ദര്യത്തിന്റെയും വിനോദ സഞ്ചാരത്തിന്റെയും പ്രദേശമായിരുന്ന 'സ്വാത്'എന്ന എന്റെ ഗ്രാമം പൊടുന്നനെ തീവ്രവാദത്തിന്റെ ഇരയായി തീർന്നു. നാനൂറിലേറെ വിദ്യാലയങ്ങൾ തകർക്കപ്പെട്ടു. പെൺകുട്ടികളുടെ വിദ്യാഭ്യാസം എന്ന സ്വപ്നം തുറുങ്കിലടയ്ക്കപ്പെട്ടു. സ്ത്രീകൾ അടിച്ചമർത്തപ്പെട്ടു. നിഷ്ക്കളങ്കരായ അനേകം ആളുകൾ കൊല്ലപ്പെട്ടു. ഞങ്ങളുടെ സുന്ദരമായ സ്വപ്നങ്ങൾ പേക്കിനാവുകളായി മാറി. വിദ്യാഭ്യാസം എന്നവകാശം നിയമലംഘനമായി മാറി. എന്നാൽ എന്റെ ലോകം പെട്ടെന്ന് മാറിയപ്പോൾ, എന്റെ മുൻഗണനകളും അതിനോടൊപ്പം മാറി. എനിക്ക് രണ്ട് വഴികളുണ്ടായിരുന്നു. ഒന്ന്, നിശ്ബദയായി നിലകൊണ്ട് കൊല്ലപ്പെടുവാൻ കാത്തിരിക്കുക, രണ്ട് പ്രതികരണത്തിന്റെ സ്വരമുയർത്തി അതിനുശേഷം കൊല്ലപ്പെടുക. നിശബ്ദരായവരുടെ ശബ്ദമായി മാറുവാൻ ഞാൻ തീരുമാനിച്ചു. തീവ്രവാദികളുടെ എതിർപ്പുകൾ ശക്തമായിരുന്നെങ്കിലും അവരുടെ വെടിയുണ്ടകൾക്ക് ഞങ്ങളിൽ ജയം നേടുവാൻ സാധിച്ചില്ല. ഞങ്ങൾ നിലകൊണ്ടു. അന്നുമുതൽ ഞങ്ങളുടെ ശബ്ദം പ്രതിധ്വനിച്ചു.

ഞാൻ എന്റെ കഥ സവിശേഷമായതു കൊണ്ടല്ല പറയുന്നത്, മറിച്ച് സവിശേഷമല്ലാത്തതുകൊണ്ടാണ്. ഇത് എന്റെ മാത്രമല്ല, നിരവധി പെൺകുട്ടികളുടെ കഥ കൂടിയാണ്.




പലരും എന്നോടു ചോദിച്ചു എന്തുകൊണ്ടാണ് പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ഇത്ര പ്രാധാന്യം എന്ന്. അതിനു മറുപടിയായി എന്റെ മതഗ്രന്ഥമായ ഖുറാനിൽ നിന്ന് ഞാൻ പഠിച്ചതിന്റെ വെളിച്ചത്തിൽ 'യു.എൻ.'ൽ പറഞ്ഞത്, "ഒരു കുട്ടി, ഒരു അദ്ധ്യാപകൻ, ഒരു പേന, ഒരു പുസ്തകം ഇതിന് നമ്മുടെ ലോകത്തെ മാറ്റി മറിക്കാം."

**ഇന്ന് പകുതിയിലേറെ രാജ്യങ്ങളിലും ആധുനികവത്കരണവും പുരോഗതിയും വികസനവും എല്ലാം നമുക്ക് കാണാൻ സാധിക്കും. എന്നാൽ ദാരിദ്ര്യത്തിലും അനീതിയിലും സംഘർഷത്തിലും നിലകൊള്ളുന്ന ലക്ഷോപലക്ഷം ആളുകൾ ഉള്ള രാജ്യങ്ങൾ ഉണ്ടെന്ന് ഓർക്കുക. ആദ്യ ലോകമഹാ യുദ്ധത്തിൽ നഷ്ടപ്പെട്ട ലക്ഷോപലക്ഷം ജീവനുകളിൽ നിന്നു ഉയർന്ന പാഠങ്ങൾ ഇന്നും അജ്ഞതയിലാണ്.**

സിറിയയിലുള്ള അഭയാർത്ഥികളായ നിരവധി കുടുംബങ്ങൾ, വിദ്യാലയങ്ങളിൽ പോകുവാൻ സ്വാതന്ത്ര്യമില്ലാത്ത നൈജീരിയൻ പെൺകുട്ടികൾ, ആത്മഹത്യയിലും ബോംബ് ആക്രമണത്തിലും ജീവൻ നഷ്ടപ്പെടുന്ന പാക്കിസ്ഥാനി, അഫ്ഗാനിസ്ഥാനി ആളുകൾ, ഇന്ത്യയിലും പാക്കിസ്ഥാനിലും ബാല വേലയ്ക്കും ബാല വിവാഹത്തിനും ഇരയാകുന്നവർ-ഇങ്ങനെ നീളുന്ന അരാജകത്വത്തിനെതിരെ നമ്മൾ ശബ്ദമുയർത്തണം.

എന്റെ ഒരു നല്ല സുഹൃത്ത്, സമപ്രായം, നിർഭയത്വവും ആത്മവിശ്വാസവമുള്ള ഒരു പെൺകുട്ടി. ഒരു ഡോക്ടർ ആകണമെന്നായിരുന്നു അവളുടെ സ്വപ്നം. എന്നാൽ ആ സ്വപ്നം സ്വപ്നമായി തന്നെ നിലനിന്നു. പന്ത്രണ്ടാം വയസ്സിൽ വിവാഹം കഴിക്കേണ്ട അവസ്ഥ വരികയും പതിനാലാം വയസ്സിൽ ഒരു കുട്ടായിരിക്കെ തന്നെ ഒരമ്മ ആകേണ്ടി വരികയും ചെയ്തു. എനിക്കറിയാം അവൾ നല്ലൊരു ഡോക്ടറായി തീർന്നേനെ. എന്നാൽ അവൾക്ക് അതിനു സാധിച്ചില്ല കാരണം അവൾ ഒരു പെൺകുട്ടിയായിരുന്നു അവളുടെ ഈ കഥയുടെ പശ്ചാത്തിലത്തിലാണ് എന്റെ ഈ നോബേൽ സമ്മാന തുക ഞാൻ 'മലാല ഫണ്ടിലേക്ക്' സമർപ്പിക്കുന്നത്. ഈ നിക്ഷേപം ആദ്യം ഉപകരിക്കുന്നത് എന്റെ ഹൃദയമായ സ്വാത് ഗ്രാമത്തിലാണ്. അവിടുന്നാണ് എന്റെ ആരംഭം. എല്ലാ കുഞ്ഞുങ്ങളും വിദ്യാലയങ്ങളിൽ ആയിരിക്കുന്നതു വരെ എന്റെ പ്രയത്നങ്ങൾ തുടരും.

എന്റെ പ്രിയ സഹോദരി സഹോദരങ്ങളെ, മാർട്ടിൻ ലൂഥർ കിങ്ങ്, നെൽസൺ മണ്ടേല, മദർ തെരേസ തുടങ്ങിയ മഹനീയ വ്യക്തികൾ മാറ്റങ്ങൾ സൃഷ്ടിച്ചതുപോലെ, കൈലാഷ് സത്യാർത്ഥിയു ഞാനും ഇതുവരെ എടുത്തതും ഇനിയും ഏടുക്കുന്നതുമായ സംരഭങ്ങൾ മാറ്റങ്ങൾ സൃഷ്ടിക്കും - എന്നന്നേക്കുമുള്ള മാറ്റങ്ങൾ. പ്രിയപ്പെട്ടവരെ, എന്തുകൊണ്ടാണ് നമ്മൾ ശക്തമെന്നു വിളിക്കുന്ന നമ്മുടെ രാജ്യങ്ങൾ യുദ്ധങ്ങൾ സൃഷ്ടിക്കാൻ ശക്തിയുള്ളതും സമാധാനം സൃഷ്ടിക്കാൻ ബലഹീനരുമായത്? എന്തുകൊണ്ടാണ് തോക്കുകൾ നൽകാൻ എളുപ്പം, പുസ്തകങ്ങൾ നൽകാൻ പ്രയാസം? എന്തുകൊണ്ടാണ് യുദ്ധവാഹനങ്ങൾ പണിയുവാൻ എളുപ്പം, വിദ്യാലയങ്ങൾ പണിയുവാൻ പ്രയാസം? ആധുനിക ലോകമായ 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമ്മളുടെ കാഴ്ചപ്പാടു ഒന്നും അസാധ്യമല്ല എന്നുള്ളതാണല്ലോ, ഈ നൂറ്റാണ്ടിൽ യഥാർത്ഥ വിദ്യാഭ്യാസം എല്ലാവരിലും പകരാൻ സാധിക്കുമെന്ന് നമ്മൾ ദൃഢനിശ്ചയമെടുക്കണം. അതുകൊണ്ട് നീതി, സമത്വം, സമാധാനം എല്ലാവർക്കുമായി, ലോകമെങ്ങും കൊണ്ടുവരുവാനായി നമ്മൾക്ക് യത്നിക്കാം. രാഷ്ട്രീയ നേതാക്കളുടെയും ലോക നേതാക്കളുടെയും മാത്രമല്ല നമ്മുടെ പങ്കളിത്തവും അതിനാവശ്യമാണ്. എന്റെ..., നിങ്ങളുടെ..., നമ്മളുടെ ചുമതലയാണത്. നമ്മൾ അദ്ധ്വാനിക്കണം. കാത്തു നിൽക്കരുത്. നമ്മൾ ഇതിന്റെ അവസാനം തീരുമാനിക്കുന്ന ആദ്യ തലമുറ ആയി മാറണം. ബാല വേല, ബാല വിവാഹം എന്നിവയുടെ അവസാനം, യുദ്ധങ്ങളിൽ കുഞ്ഞുങ്ങളുടെ ജീവൻ നഷ്ടപ്പെടുമെന്നതിന്റെ അന്ത്യം, "വിദ്യ ഒരു കുറ്റമാണ്, അവകാശമല്ല" എന്ന തത്വത്തിന്റെ അവസാനം, എല്ലാറ്റിനുമായിരിക്കണം നമ്മുടെ ഈ പോരാട്ടം. നമ്മൾക്ക് ആരംഭിക്കാം. ഈ അവസാനം. ഇത് നമ്മളിലൂടെ അവസാനിക്കട്ടെ. അങ്ങനെ നല്ലൊരു ഭാവി നമ്മൾക്ക് ഇപ്പോൾ ഇവിടെ പണിതുയർത്താം... നന്ദി, നമസ്ക്കാരം..... മലാല (നോബൽ സമ്മാന വേദിയിൽ മലാല നൽകിയ മറുപടി പ്രസംഗം)

(വിവർത്തനം: **അനുഷ ഡി2**, ഫിസിക്സ്)

# സ്ത്രീയും ആത്മീയതയും

**'എന്താണ് ആത്മീയത?'** എന്ന ചോദ്യം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാലഘട്ടമാണിത്. എന്നാൽ മോഹത്തിന്റെയും പരീക്ഷണത്തിന്റെയും ഘട്ടത്തിൽ തെറ്റാതെ ശരിയായ മാർഗ്ഗദർശനം നൽകുന്ന ശാസ്ത്രം തന്നെയാണ് ആത്മീയത. സർവോത്കൃഷ്ടമായ, പരിശുദ്ധമായ ആശ്ചര്യപരതയോടും കൂടി മാത്രം ധ്യാനനിമ്നിതോന്മയമായി അറിയേണ്ടുന്ന ഒരു വാക്കാണ് ദൈവം അഥവാ ആത്മീയത. ഇരുളിലും അനേകം വക്രഗതികളിലും ബുദ്ധിശൂന്യരായി ജീവിതം നയിച്ചു പോരുന്ന അനവധി ആളുകൾ അജ്ഞത കൊണ്ടോ, നിക്ഷിപ്ത താൽപര്യപൂർത്തിക്കോ ആയി മുറുകെപ്പിടിക്കുന്ന വാക്കായി ദൈവം മാറിയിട്ടുണ്ട് എന്നത് നേരു തന്നെ. എല്ലാ പരിചരണങ്ങളിലും നിറഞ്ഞിരിക്കുന്ന ദൈവം ആരെയും ഭരിക്കുന്നില്ല. മറിച്ച് ഒരോന്നും ഏതു വഴിക്കു പോകുന്നുവോ ആ വഴിയിൽ പോകേണ്ടവിധം പോകാനും അറിയേണ്ടത് അറിയേണ്ട സമയത്ത് അറിയുവാനും ദൈവം സർവ്വ കാരണമായി ഭവിക്കുന്നു.

ഇപ്രകാരമുള്ള ഈശ്വര ചൈതന്യത്തെ കൃത്യമായി തിരിച്ചറിയുവാൻ അനവധി സ്ത്രീകൾക്ക് സാധിച്ചിട്ടുള്ളതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

മാത്രവുമല്ല ഏതൊരു പുണ്യാത്മാവിന്റെയും ജനനം ആത്മീയ തേജസ് വഴിഞ്ഞൊഴുകുന്ന ഒരു മാതാവിന്റെ ഉദരത്തിൽ നിന്ന് ആയിരിക്കുകയും ചെയ്യും.

ആത്മീയതയുടെ വെളിച്ചം വഹിക്കുന്ന സ്ത്രീകൾ അനുകമ്പയുടേയും അനുതാപത്തിന്റെയും, കാരുണ്യത്തിന്റെയും ദയയുടേയും മൂർത്തിമദ്ഭാവങ്ങളാവുകയും അവർ മനുഷ്യസ്നേഹത്തിലൂടെ ദൈവസ്നേഹികളാവുകയും ചെയ്യുന്നു. ഓരോരുത്തരിലുമുള്ള ഈശ്വരീയതയെ ദർശിക്കാനും അതിനെ വണങ്ങാനും അവർക്ക് കഴിയുന്നു.

*നരബലി കൊണ്ടു കുരുതിയാടുന്ന*
*രുധിരകാളി തൻ പുരാണ ഭൂമിയിൽ*
*പരദേശത്തു നിന്നൊരു പിറാവു പോൽ*
*പറന്നു വന്നതാം പരസ്നേഹമേ,*
*പല നൂറ്റാണ്ടായി മകുട മോഹത്തിൻ*
*മരണ ശംഖൊലി മുഴങ്ങുമീ മണ്ണിൽ*
*ജനകനില്ലാതെ, ജനനിയില്ലാതെ*
*കുലവും, ജാതിയും, മതവുമില്ലാതെ*
*തെരുവിൽ വാവിട്ടു കരയും ജീവനെ*
*ഇരു കൈകളാൽ വാരിയെടുത്തു*
*ചുംബിക്കും*
*മഹാകാരുണ്യത്തിൻ മനുഷ്യരൂപമേ,*
*ഒരു വെളിച്ചത്തിൻ മനുഷ്യ രൂപമേ,*
*ഒരു വെളിച്ചത്തിൻ വിമല ജീവിതം*
*വെറുമൊരു ചാര കഥയെന്നെണ്ണുന്ന*
*തിമിര കാലത്തിന്നടിമയായ ഞാൻ*
*നറും മുലപ്പാലിലാക്കിയ നിന്റെ*
*തിരുവസ്ത്രത്തുമ്പിൽ നിണം*
*പുരണ്ടൊരെൻ*
*കരം തുടച്ചോട്ടെ.*
*മഹാപരിത്യാഗം മറന്ന ഭാരതം*
*മദർ തെരേസയെ മറക്കുമെങ്കിലും*
*മദർ തെരേസക്കു മരണമുണ്ടെങ്കിൽ*
*ആ മരണമല്ലയോ മഹിത ജീവിതം?*

ഇങ്ങനെ കടന്നു പോയതാം മഹതികളാണ് ആത്മീയതയുടെ ഔന്നത്യത്തെ ലോകത്തോട് വിളിച്ചു പറയുന്നത്.

**ജയശ്രീ**, ഡിദ-കെമിസ്ട്രി

| | | | |
|---|---|---|---|
| MONDAY | : | 9.00 - 9.45 AM | - GREGORIAN WORSHIP |
| TUESDAY | : | 9.00 - 9.45 AM | - LITERARY FORUM |
| WEDNESDAY | : | 1.15 - 45 PM | - FASTING PRAYER |
| THURSDAY | : | LUNCH BREAK | - SHARE A MEAL |
| FRIDAY | : | 12.30 - 1.30 PM | - SNEHASANGAMAM |
| Saturdays & Public Holidays | : | Charity, Pain & Palliative Services | |

## എഡിറ്റോറിയൽ

ബസേലിയസ് കലാലയത്തിന്റെ ആദ്ധ്യാത്മിക ജീവകാരുണ്യ പ്രസ്ഥനം MGOCSM ഒരു പുതിയ സംരംഭവുമായി നിങ്ങൾക്ക് മുമ്പിൽ എത്തുന്നു, 'സ്നേഹപൂർവ്വം' എന്ന എഴുത്ത് കൂട്ടായ്മയിലൂടെ യുവതി-യുവാക്കളെ പരിപാകതയുള്ളവരാക്കാൻ എന്നും MGOCSM കടപ്പെട്ടിരിക്കുന്നു. ആർദ്ര യൗവ്വനങ്ങളെ രൂപപ്പെടുത്താൻ വേണ്ടി എല്ലാ തിങ്കളാഴ്ചകളിലും ഒരു പൊതിച്ചോറ് വിശക്കുന്നവനു വേണ്ടി മാറ്റിവെക്കുന്നു. വിശുദ്ധ യൗവ്വനങ്ങളെ രൂപപ്പെടുത്തുവാൻ എല്ലാ ബുധനാഴ്ചകളിലും ഏലിയ കത്തീഡ്രലിന്റെ മദ്ബഹയോടു ചേർന്നിരുന്ന് ഉപവസിച്ച് പ്രാർത്ഥിക്കുന്നു. ശ്രേഷ്ഠ യൗവ്വനങ്ങളെ രൂപപ്പെടുത്തുവാൻ വെള്ളിയാഴ്ചകളിൽ സ്നേഹസംഗമങ്ങൾ സംഘടിപ്പിക്കുന്നു. MGOCSM ഒരു സ്നേഹക്കൂട്ടായ്മയാണ്. ജാതി-മത വേർതിരിവുകൾ ഒന്നും MGOCSMന് ഇല്ല. നമ്മുടെ കലാലയത്തിന്റെ സർഗ്ഗാത്മകതകളെ തൊടുന്ന, സംഗീതത്തെ സമ്മാനിക്കുന്ന, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടി വേദി ഒരുക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനമാണ് MGOCSM.

സ്നേഹപൂർവ്വം അതിന്റെ ആദ്യ ലക്കം പെൺകരുത്തിനായി സമ്മാനിക്കുന്നു. ഈ ലക്കത്തിലെ കൂടുതൽ എഴുത്തുകളും സ്ത്രീപക്ഷ ലേഖനങ്ങളാണ്. ബസേലിയസ് കലാലയത്തിന് ഇതാ പ്രഥമ വനിതാ സാരഥി ഉണ്ടായിരിക്കുന്നു. അതും പെൺകരുത്തിനുള്ള അംഗീകാരമാണ്. സമൂഹത്തിൽ അടിച്ചമർത്തപ്പെടുന്ന ചൂഷണം ചെയ്യപ്പെടുന്ന എല്ലാ പെൺകുട്ടികൾക്കും 'സ്നേഹപൂർവ്വം' കൂടുതൽ കരുത്തിനായി സമ്മാനിക്കുന്നു.

പുതിയ അക്കാദമിക വർഷം കൂടുതൽ നന്മയുള്ളതാകട്ടെ എന്ന് ആശംസകളോടെ....

മാഷ്,
MGOCSM

## അഭിമുഖം



# മാളു ഷെയ്ക്ക്

മാളു ഷെയ്ക്ക്. പേരിൽ നിലനിൽക്കുന്ന നിഗൂഢത അനശ്വരമാക്കുന്ന തരത്തിൽ ജീവിതം മെനഞ്ഞെടുത്ത പെൺകുട്ടി. തനിക്ക് ചുറ്റുമുള്ള സകല സാഹചര്യങ്ങളും അതിജീവനത്തിന് എതിരു നിന്നപ്പോൾ അതിനെയെല്ലാം തന്റെ ആത്മാർത്ഥത കൊണ്ടും നിശ്ചയദാർഢ്യം കൊണ്ടും മറികടന്നവൾ. താൻ പറയുന്ന ഓരോ വാക്കിലും മറ്റുള്ളവർക്ക് പകർന്നു നൽകുന്ന ആത്മവിശ്വാസത്തിന്റെ അളവ് വിചാരിക്കുന്നതിലും വലുതാണ്. അറിയുന്നവരെല്ലാം തന്നെ അത്ഭുതത്തോടെ നോക്കികാണുന്ന മാളുവിന് ഇനി നടന്നു നീങ്ങാൻ കടമ്പകളേറെ. കഠിന പരിശ്രമത്തിലൂടെയും, ആത്മാർത്ഥതയിലൂടെയും സ്വപ്നങ്ങളെ യാഥാർത്ഥമാക്കാം എന്ന് തെളിയിച്ച മലയാളത്തിന്റെ ഈ രാജകുമാരിയെ അടുത്തറിയാൻ കഴിയുന്നത് വലിയ ഒരു ഭാഗ്യം തന്നെയാണ്. സ്വപ്നങ്ങളുടെ രാജകുമാരി. ആത്മാർത്ഥതയുടെ വിളക്ക്, പരിശ്രമങ്ങളുടെ കൂട്ടുകാരി അങ്ങനെ എന്തു വിശേഷങ്ങളും ഇണങ്ങുന്ന മാളു ഷെയ്ക് എന്ന രാജകുമാരിയുമായി ഇത്തിരി നേരം...

1. ***ജീവിതം എന്ന മൂന്നക്ഷരത്തിന്റെ അർത്ഥതലങ്ങൾ മനസ്സിലാക്കിയ ചുരുക്കം ചിലരുടെ കൂട്ടത്തിൽ മാളു ഷെയ്ക്ക് എന്ന പേരും കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. പേരിലും ജീവിതത്തിലും തികച്ചും വ്യത്യസ്ത പുലർത്തുന്ന മാളു എന്ന രാജകുമാരിയുടെ വിജയ രഹസ്യങ്ങൾ എന്തൊക്കെയാണ്?***

വിജയരഹസ്യം എന്നു പറയാൻ ഞാനിതുവരെ വിജയിച്ചിട്ടില്ല. എന്റെ ജീവിതലക്ഷ്യം സിവിൽ സർവ്വീസ് ആണ്. അവിടെയെത്താതെ ജീവിത വിജയം കരസ്ഥമാക്കി എന്നു പറയാൻ പറ്റില്ല. എന്നാൽ വിജയത്തിലേക്ക് എത്താൻ ഉതകുന്ന ചില കാര്യങ്ങൾ പറയാം. ആദ്യം തന്നെ സ്വയം ഇഷ്ടപ്പെടുക, നമ്മളിൽ പലരും നമ്മളെക്കാളും മറ്റുള്ളവരെ ഇഷ്ടപ്പെടുന്നവരാണ്. സ്വന്തം കഴിവുകളെ കണ്ടെത്തുകയും ഇഷ്ടപ്പെടുകയുമാണ് ആദ്യം ചെയ്യേണ്ടത്. ലക്ഷ്യം ഉണ്ടായാലല്ലേ അവിടെയെത്താൻ സാധിക്കൂ. ആദ്യം തന്നെ ഒരു ലക്ഷ്യം ഉണ്ടാക്കിയെടുക്കുക. നമ്മുടെ കഴിവുകളെ ആ ലക്ഷ്യം നിറവേറ്റാൻ കഴിയുംവിധം മെരുക്കിയെടുക്കുക. ലക്ഷ്യം നിറവേറ്റണമെന്ന് ആഗ്രഹിച്ചാൽ അതിനു എന്ത് ജോലിയും ചെയ്യാൻ ഉള്ള മനസ്സ് വേണം. നമ്മളിൽ പലർക്കും ഇല്ലാത്തതും ആ മനസ്സാണ്. എന്റെ കാഴ്ചപ്പാടിൽ ദാരിദ്ര്യത്തിന്റെ മുഖ്യകാരണം ജോലി ചെയ്യാൻ ഉള്ള മനസ്സില്ലാത്തതാണ്.

ലക്ഷ്യങ്ങൾ ഉണ്ടാക്കുന്നതും അത് എത്തിപ്പിടിക്കുന്നതും ഒരു ഹരമാക്കി മാറ്റണം. അപ്പോഴെ ജീവിതത്തിൽ ഒരു ത്രില്ലുണ്ടാകൂ.

2. ***നീന്തൽ പഠിക്കണെന്നുള്ള ആഗ്രഹം എപ്പോഴാണ് ഉണ്ടായത്? റെക്കോർഡ് ഇടണമെന്നുള്ള ആഗ്രഹത്തോടെയാണൊ നീന്തിത്തുടങ്ങിയത്?***

ഞാനൊരു അപകടത്തിൽപ്പെട്ടാൽ സ്വയം രക്ഷപെടാൻ വേണ്ടിയാണ് നീന്തൽ പഠിച്ച് തുടങ്ങിയത്. അതിലുപരി എന്റെ മുന്നിൽ ഒരപകടം ഉണ്ടായാൽ ഒരു പക്ഷേ എനിക്ക് സഹായിക്കാൻ പറ്റിയാലൊ എന്നുള്ള തോന്നലാണ് നീന്തൽ പഠിക്കുന്നതിലേക്ക് എന്നെ നയിച്ചത്.

നീന്തിക്കഴിഞ്ഞാണ് സത്യത്തിൽ അറിഞ്ഞത് ഇത് 9 കി.മി ആയി. ഇത്രയും ദൂരം നീന്തിയ ആദ്യ വനിതയാണ് ഞാനെന്ന്. ശരിക്കും 9 കി.മി. നീന്തിയതായി എനിക്ക് തോന്നിയില്ല. ഒരു പക്ഷേ ആ ദിവസം മുഴുവൻ ഞാൻ നീന്തിയേനെ. മനസ്സിൽ മുഴുവൻ അവിടെയെത്തണം, അവിടെയെത്തണം എന്നുള്ള ചിന്ത മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഞാൻ നേടിയത് കണ്ട് മറ്റുള്ളവരും പ്രേരിതരാവണമെന്നായിരുന്നു എന്റെ ആഗ്രഹം. നമ്മുടെ മുന്നിൽ ഒരു ലക്ഷ്യമുണ്ടെങ്കിൽ അത് നിറവേറ്റാൻ ആ ലക്ഷ്യത്തെ പിന്തുടരാൻ മനസ്സുണ്ടാക്കിയെടുക്കുകയാണ് ആദ്യം വേണ്ടത്.

3. ***ജ്വാല അവാർഡ് കിട്ടിയപ്പോൾ എന്താണ് തോന്നിയത് ആ വേദിയിൽ അത്രയേറെ വിശിഷ്ട വ്യക്തികളെയും ജനങ്ങളെയും കണ്ടപ്പോൾ എന്തായിരുന്നു മനസ്സിലൂടെ കടന്ന് പോയത്?***

ശരിക്കും അവാർഡ് ദാനത്തിന്റെ തലേദിവസമാണ് ഞാനറിയുന്നത് എനിക്ക് ഇങ്ങനെ അവാർഡ് ഉണ്ട് എന്ന്. അവിടെയെത്തിവരെല്ലാം തന്നെ പറഞ്ഞത് അതൊരു അത്യഭിമാന നിമിഷം ആണെന്നാണ്. എന്നാൽ എനിക്കങ്ങനൊരു അഭിമാന നിമിഷമായി തോന്നിയില്ല. അവാർഡുണ്ട് എന്നറിഞ്ഞപ്പോൾ എന്റെ മനസ്സിൽ തോന്നിയത് അവിടെയൊരു പത്തിരുപത്തഞ്ച് ആളുകളുണ്ടാകും അവാർഡ് തരും അപ്പോൾ തന്നെ തിരിച്ച് പോരാം എന്ന്. അവിടെ ചെന്നപ്പോഴാണ് അറിയുന്നത് ചെയർമാന്റെ പ്രത്യേക പുരസ്കരാം എനിക്കായിരുന്നു, വേദിയിലേക്ക് തിരിഞ്ഞു നോക്കിയപ്പോഴാണ് കണ്ടത് സദസ്സ് മുഴുവൻ എഴുന്നേറ്റ് നിൽക്കുന്നു. അവാർഡ് വാങ്ങുമ്പോൾ എന്റെ മനസ്സിലൂടെ പോയത്, ഇതല്ല ഞാൻ ആഗ്രഹിച്ച വേദി, ഈ അവാർഡ് നേടുന്നതല്ല എന്റെ ലക്ഷ്യം. എന്റെ ലക്ഷ്യം ഐ.എ.എസ് ആണ്. അതുകൊണ്ട് തന്നെ ഈ അവാർഡിൽ എന്റെ ലക്ഷ്യങ്ങളെ ഞാൻ മുക്കി കളഞ്ഞുകൂടാ എന്നായിരുന്നു.

4. ***ഐ.എ.എസ് എന്നൊരു മോഹത്തെപ്പറ്റിപ്പറഞ്ഞല്ലോ ആ ലക്ഷ്യത്തിലെത്തിയാൽ ആദ്യം എന്തു ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്?***

എന്നെക്കാൾ കഷ്ടപ്പെടുന്ന സ്ത്രീകളും കുട്ടികളും ഉണ്ട് അവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാനും, അവരുടെ കഴിവുകളെ എല്ലാം തിരിച്ചറിഞ്ഞ് സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുകയാണ് എന്റെ ലക്ഷ്യം.

5. ***സാധാരണ ഇത്രയധികം ആത്മവിശ്വാസവും ഇച്ഛാശക്തിയും ഉള്ളവർക്ക് വലിയ ദൈവ വിശ്വാസം ഒന്നും ഉണ്ടാകാറില്ല. മാളു ഒരു ഈശ്വര വിശ്വാസിയാണോ?***

ഞാൻ ജനിച്ചത് മുസ്ലിം ആയാണ്. അച്ഛനും അമ്മയും മുസ്ലിം ആയിരുന്നു. വളർന്നത് ഒരു ഹിന്ദുവായാണ്. ഇപ്പോൾ ഞാൻ ഒരു കോൺവെന്റിൽ ക്രിസ്ത്യാനിയായി ജീവിക്കുന്നു. ഇത് വലിയ ഒരു ഭാഗ്യമല്ലേ? മുസ്ലിം ആയി ജനിക്കുക, ഹിന്ദുവായി വളരുക, ക്രിസ്ത്യാനിയായി ജീവിക്കുക. ഇതൊക്കെതന്നെ ദൈവ നിയോഗമായാണ് ഞാൻ കണക്കാക്കുന്നത്. ദൈവ വിശ്വാസം ഉള്ളതുകൊണ്ട് മാത്രമാണ് ഇത്രയൊക്കെ സാധിച്ചത്. ശരിക്കും ഈശ്വരൻ ഹിന്ദുവോ, ക്രിസ്ത്യാനിയോ, മുസ്ലീമോ അല്ല. നമ്മൾ ആത്മാർത്ഥമായി ചെയ്യുന്ന കാര്യത്തിൽ സത്യമുണ്ടെങ്കിൽ അവിടെയാണ് ദൈവം. "ദൈവമെ എന്നെയും ചുറ്റുമുള്ളവരെയും സമൂഹത്തെയും നന്നായി കൊണ്ടു പോകണമെ" ഇത്രയുമാണ് എന്റെ പ്രാർത്ഥന.

*(MGOCSM വോളന്റിയേഴ്സ് സ്റ്റുഡന്റ്സ് സെന്ററിൽ വച്ച് നടത്തിയ അഭിമുഖം)*

# അഷിത

## വ്യക്തി പരിചയം

മനുഷ്യ ജീവിതങ്ങളുടെ പച്ചയായ തലങ്ങൾ വരച്ചുകാട്ടിയ മലയാള കവിയത്രിയും ചെറുകഥാകൃത്തുമാണ് അഷിത. തന്റെ രചനകളിൽ നിറഞ്ഞുനിൽക്കുന്ന ജീവിത വികാരങ്ങളുടെ ആഴം അഷിതയെ മുൻനിര എഴുത്തുകാരുടെ നിരയിലേക്കു എത്തിച്ചു.




തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ ജനിച്ചു. ഡൽഹിയിലും, മുംബെയിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അഷിത ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദവും, ബിരുദാനന്തര ബിരുദം എറണാകുളം മഹാരാജസ് കോളേജിൽ പൂർത്തിയാക്കി. ശ്രീ. കെ.വി. രാമൻകുട്ടിയാണ് ഭർത്താവ്. മകൾ ഉമ.

'വിസ്മയ ചിഹ്നങ്ങൾ', 'അപൂർണ്ണ വിരാമങ്ങൾ', 'അഷിതയുടെ കഥകൾ', 'മഴമേഘങ്ങൾ', 'തഥാഗത' എന്നിവയാണ് പ്രധാന ചെറുകഥകൾ. 'മീര പാടുന്നു' എന്നതാണ് അഷിതയുടെ ഒരു പ്രമുഖ കവിത.

മലയാള സാഹിതശാഖക്ക് ഇത്രയധികം സംഭാവനകൾ നല്കിയ അഷിതയെ ഏറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 1986ൽ വിസ്മയ ചിഹ്നങ്ങൾ എന്ന രചനക്ക് ഇടശ്ശേരി അവാർഡ്, 1994ൽ ലളിതാംബിക അന്തർജനം സ്മാരക സാഹിത്യ അവാർഡ്, 2000-ൽ തഥാഗത എന്ന രചനക്ക് പത്മരാജൻ പുരസ്കാരം എന്നിവ അഷിതയെ തേടിയെത്തി.

മലയാള സാഹിത്യത്തിൽ ചുരുങ്ങിയ രചനകൾ കൊണ്ട് തന്റേതായ കയ്യൊപ്പ് ചാർത്തിയ അഷിതയുടെ രചനകൾ പച്ചയായ ജീവിതങ്ങളുടെ നേർക്കാഴ്ചകൾ കൂടിയാണ്.

**മരിയ**, ഡി1-മലയാളം

# സ്ത്രീയും കുടുംബവും

രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമാണ് കുടുംബം. മനുഷ്യന്റെ ജീവിതയാത്രയുടെ തുടക്കം കുടുംബത്തിൽ നിന്നാണ്. അതിനാൽ ശരിയായ അടിസ്ഥാനം കുടുംബത്തിൽ അത്യന്താപേക്ഷിതമാണ്. ഭർത്താവും ഭാര്യയും കുഞ്ഞുങ്ങളും അടങ്ങുന്ന കുടുംബത്തിൽ പുരുഷനും സ്ത്രീക്കും പരമോന്നത സ്ഥാനമാണ് ഉള്ളത്. സദൃശ്യവാക്യങ്ങൾ 31:10 ൽ ഇപ്രകാരം കാണുന്നു. സാമർത്ഥ്യമുള്ള ഭാര്യയെ ആർക്ക് കിട്ടും. അവളുടെ വില മുത്തുകളിലും ഏറും. വിശ്വസ്തത, സ്നേഹം എന്നിവ വളരെ പ്രാധാന്യം അർഹിക്കുന്നു.

ഉത്തമകുടുംബ ജീവിതത്തിൽ സ്ത്രീകൾക്കുള്ള പങ്ക് വളരെ വലുതാണ്. ഒരു കുടുംബജീവിതത്തിന്റെ വിജയത്തിനും പരാജയത്തിനും കാരണം ഒരു പരിധി വരെ സ്ത്രീകൾ തന്നെയാണ്. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. 'Mother is the heart of family' ഒരു കുടുംബത്തിന്റെ ഹൃദയമാണ് സ്ത്രീ. മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട അവയവമാണ് ഹൃദയം. ഹൃദയം നിലച്ചാൽ ജീവൻ നിലയക്കും. അതുപോലെതന്നെ കുടുംബജീവിതം തകരാതിരിക്കാൻ ഹൃദയമാകുന്ന സ്ത്രീ തന്നിൽ നിക്ഷിപ്തമായ കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റണം.

ഭാഗ്യസ്മരണാർഹനായ അഭി. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ വീക്ഷണത്തിൽ കുടുംബങ്ങളിൽ സ്ത്രീകളുടെ മൗലികമായ ശുശ്രൂഷകളെപ്പറ്റി പ്രതിപാദിക്കുന്നത് ശ്രദ്ധേയമാണ്.

ഒന്നാമതായി, ഒരു ഉത്തമ കുടുംബനാഥ പഠിപ്പിക്കുന്നവളായിരിക്കണം. ഒരു കുട്ടി ജീവിതത്തിന്റെ ബാലപാഠങ്ങൾ പഠിക്കുന്നത് അമ്മയിൽ നിന്നാണ്. അമ്മയ്ക്ക് സമം വയ്ക്കാൻ ഒന്നുമില്ലല്ലോ. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോന്റെ സദൃശ്യവാക്യം 6:20 ൽ പറയുന്നു. മകനെ നിന്റെ അപ്പന്റെ കല്പന പ്രമാണിക്കുക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്. രണ്ടാമതായി ഒരു കുടുംബനാഥ പ്രാർത്ഥിക്കുന്നവളായിരിക്കണം. യേശുക്രിസ്തു കഴിഞ്ഞാൽ ഏറ്റവും അധികം ആദരിക്കപ്പെടുകയും ജനങ്ങളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുകയും ചെയ്യുന്ന വ്യക്തിയാണ് പ. കന്യകമറിയാം. ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനം പോലെ എനിക്ക് ഭവിക്കട്ടെ എന്ന് താഴ്മയായി പറയാൻ കന്യകമറിയാമിനും സാധിച്ചു. കാനാവിലെ കല്യാണവീട്ടിൽ മധ്യസ്ഥയായി നിന്നുകൊണ്ട് ആ വീട്ടിലെ കുറവ് പരിഹരിക്കാൻ മറിയം യേശുവിനോട് അപേക്ഷിക്കുന്നു. വേദപുസ്തകത്തിലെ ഏറ്റവും ശക്തമായ മധ്യസ്ഥയാണ് ഇത്. അതുപോലെതന്നെ കുടുംബത്തിന്റെ വിളക്കാണ് ഭാര്യ എങ്കിൽ അത് ജ്വലിച്ച് പ്രകാശിക്കുന്ന വിളക്കായിത്തീരുവാൻ പ്രാർത്ഥന ആവശ്യമാണ്. കുടുംബത്തിൽ ആവശ്യമായ ആത്മീയ പരിസ്ഥിതി ഉണ്ടാക്കുവാൻ സ്ത്രീ കൂടുതലായി ശ്രമിക്കണം. കുടുംബത്തിന്റെ ഭാവിതന്നെ നിർണ്ണയിക്കുവാൻ കഴിയുന്നതാണ് കുടുംബപ്രാർത്ഥന. ഒരു കാര്യം ദു:ഖത്തോടെ പറയട്ടെ. ഇന്ന് പല ഭവനങ്ങളിലും കുടുംബപ്രാർത്ഥന അന്യം നിൽക്കുകയാണ്. മക്കൾക്ക് നൽകുവാൻ കഴിയുന്ന ആത്മീയ സമ്പത്ത് ഈ കുടുംബപ്രാർത്ഥനയാണ് എന്ന് നാം തിരിച്ചറിയണം. സഭാ ചരിത്രത്തിൽ വി. അഗസ്തിനോസിന്റെ അമ്മ മോനിക്ക കരഞ്ഞു പ്രാർത്ഥിച്ചതുകൊണ്ടാണ് ദുഷിച്ച കൂട്ടുകെട്ടിൽനിന്നും അഗസ്തിനോസ് പിൽക്കാലത്ത് വിശുദ്ധനായിതീർന്നത് എന്ന് കാണാം.

മൂന്നാമതായി ഉത്തമകുടുംബനാഥ മറ്റുള്ളവരെ സഹായിക്കാൻ മനസ്സുള്ളവൾ ആയിരിക്കണം. എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ എന്ന് സങ്കീർത്തനക്കാരൻ നമ്മെ പഠിപ്പിക്കുന്നു.

ഭാരതീയ പശ്ചാത്തലത്തിൽ ഒരു സ്ത്രീ കുടുംബത്തിൽ അനുവർത്തിക്കേണ്ട കടമകൾ ശ്രദ്ധേയമാണ്.

'കാര്യേകുമന്ത്രി' കാര്യനിർവഹണത്തിൽ മന്ത്രിയെപ്പോലെയാകണം.
'കരണേഷുദാസി' ശുശ്രൂഷയിൽ ദാസിയെപ്പോലെയാകണം.
'ശയനേശുവേശ്യ' ഭർത്താവിനോടുള്ള കടമ നിർവഹിക്കുന്നവളായിരിക്കണം.
'രൂപേഷുരംഭ' സൗന്ദര്യത്തിൽ രംഭയെപ്പോലെയാകണം.
'ക്ഷമയാധരിത്രി' ഭൂമിയെപ്പോലെ ക്ഷമയുള്ളവളാകണം.
'ശ്രീയേഷുലക്ഷ്മി' ഐശ്വര്യത്തിൽ ലക്ഷമിയെപ്പോലെയാകണം.

മേൽപ്പറഞ്ഞ സഭാ പശ്ചാത്തലവും ഭാരതീയ പശ്ചാത്തലവും കോർത്തിണക്കി ഒരു സ്ത്രീ ജീവിക്കുമ്പോൾ കുടുംബം സ്വർഗ്ഗതുല്യമാകുന്നു.

**മെർലിൻ**, ഡി1-കെമിസ്ട്രി

# 'മനുഷ്യന് ഒരു ആമുഖം'

## നിരൂപണം

മലയാളത്തിന്റെ യുവ എഴുത്തുകാരൻ സുഭാഷ് ചന്ദ്രൻ രചിച്ച നോവൽ ആണ് 'മനുഷ്യന് ഒരു ആമുഖം' എന്നത്. 2011ലെ ഓടക്കുഴൽ അവാർഡും കേരള സാഹിത്യ അക്കാദമി അവാർഡും സുഭാഷ് ചന്ദ്രനു നേടിക്കൊടുത്ത കൃതിയാണ് ഇത്. സമൂഹത്തെ മാറ്റിമറിക്കാൻ തക്കവണ്ണം ഒന്നും തന്നെ സംഭവിക്കാത്ത കാലഘട്ടത്തിൽ, അത്തരമൊരു മാറ്റം സൃഷ്ടിക്കാൻ ഉതകുന്ന തരത്തിൽ ഒരു കൃതി സമ്മാനിക്കുവാൻ അദ്ദേഹം ശ്രമിച്ചിരിക്കുന്നു.

തച്ചനക്കര എന്ന ഗ്രാമവും അവിടുത്തെ നായർ തറവാട്ടിലെ കാരണവരായ നാറാപിള്ള എന്ന നാരായണ പിള്ളയുടെയും അദ്ദേഹത്തിന്റെ സന്തതി പരമ്പരകളുടെയും ജീവിതമാണ് ഈ നോവലിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. നാറാപിള്ളയുടെ ചെറുമകൻ ജിതേന്ദ്രനിലൂടെയാണ് ഈ കഥ പറഞ്ഞു പോകുന്നത്. നൂറോളം കഥാപാത്രങ്ങൾ കടന്ന് വരുന്ന ഈ രചനയിൽ, ജീവിതത്തിനും മരണത്തിനും ഇടയിൽ എല്ലാ മനുഷ്യരും ചെയ്തു കൂട്ടുന്നത് ഒന്നാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ശ്രീ. സുഭാഷ് ചന്ദ്രൻ ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ കാഠിന്യവും അർത്ഥവ്യാപ്തിയും താൻ പരാമർശിക്കാൻ ഉദ്ദേശിക്കുന്ന വിഷയത്തിനെ ഏറെ സഹായിച്ചിരിക്കുന്നു.




"അർത്ഥരഹിതമായ കാമനകൾക്കു വേണ്ടി ജീവിതമെന്ന വ്യർത്ഥകാലത്തിലൂടെ സഞ്ചരിക്കുന്ന മനുഷ്യജന്മങ്ങൾക്ക് ഒരു ആമുഖം. ഭീരുവും, പരതന്ത്രനും, ഷണ്ഡനുമായി കാലം ചിലവിട്ട് തീർത്തും സാധാരണമായി ഒടുങ്ങുന്ന ആധുനിക മലയാളി ജീവിതത്തെ ധർമാർത്ഥ കാമ മോക്ഷങ്ങളാകുന്ന പുരുഷാർത്ഥി ദർശനങ്ങളിലൂടെ പുനരഖ്യാനം ചെയ്യുകയാണിവിടെ."

രചനയിലെ വാക്കുകളുടെ ചടുലതയും, കാഠിന്യവും മേൽപ്പറഞ്ഞ ഭാഗത്ത് നിന്ന് വ്യക്തം.

പലപ്പോഴും വായന തുടരാൻ കഴിയാത്ത വിധം മനസ്സ് അസ്വസ്ഥമാകും. വായന തുടരാൻ മനസ്സ് തണുക്കുന്നത് വരെ കാക്കേണ്ടി വരും. നോവൽ എഴുതുമ്പോൾ ശ്രീ. സുഭാഷ് ചന്ദ്രന് ഉണ്ടായ ആത്മസംഘർഷത്തെപ്പറ്റിയോർക്കുമ്പോൾ അത്ഭുതം തോന്നും. വരികളിലെ ചിന്തകളുടെ ആഴം പലപ്പോഴും നമ്മെ അമ്പരിപ്പിക്കും. ജീവിതത്തിൽ ഒരിക്കലും സഞ്ചരിക്കാത്ത വഴികളിലൂടെ നമ്മെ കൊണ്ടു പോകും.

മനുഷ്യ ജീവിതത്തിൽ എല്ലായിടത്തും സമാനതകൾ കാണാം. പൊങ്ങച്ചങ്ങൾ, പരദൂഷണങ്ങൾ, വിധികല്പനകൾ, അവനവനിലേക്ക് നോക്കാതെ സമൂഹത്തെക്കുറിച്ചുള്ള ശാപ വചനങ്ങൾ, പെറ്റ തള്ളയെ തള്ളിപ്പറയുന്ന നാക്കുകൊണ്ട് അമ്മദൈവങ്ങളെ പുകഴ്ത്തൽ, സ്വന്തം സന്തികളെക്കുറിച്ചുള്ള പുകഴ്ത്തൽ, മറ്റുള്ളവരുടേതിനോടുള്ള വെറുപ്പ്, അപരന്റെ മുഖത്ത് നോക്കി അഭിനന്ദനം ചൊല്ലാനുള്ള അശേഷി ഇതെല്ലാം ഉൾക്കൊള്ളുന്നതാണ് ഇതിലെ കഥാപാത്രങ്ങളുടെ ജീവിതം.

ഗ്രാമത്തിലെ ആളുകളുടെ കഥ വെറുതെ പറഞ്ഞു പോകാതെ മനോഹരമായ രീതിയിൽ ചിട്ടപ്പെടുത്തിയ രചനയാണിത്. സ്വന്തം ഗ്രാമത്തിന്റെ കഥ പറയാനുള്ള ജിതേന്ദ്രന്റെ ആഗ്രഹം മറ്റൊരാളിലൂടെ പൂർത്തിയാവുന്നതിലൂടെ വളരെ മനോഹരമായ രീതിയിൽ ഈ നോവൽ അവസാനിക്കുന്നു. ഒപ്പം വായനക്കാർക്ക് സ്വന്തം ജീവിതം ചേർത്ത് പൂരിപ്പിക്കാനായി ഒരിടം ഒഴിവാക്കിയിടാനും സുഭാഷ് ചന്ദ്രൻ മറന്നില്ല.

എണ്ണാവുന്നതിലധികം കഥാപാത്രങ്ങളുമായി മുന്നോട്ട് പോകുന്ന ഈ രചന ഇതുവരെ ചിന്തിക്കാത്ത തലത്തിലേക്ക് നമ്മുടെ ചിന്തകളെ ഉയർത്തുന്നു. ജീവിതത്തിലെ പല അപ്രിയ സത്യങ്ങളും എഴുത്തുകാരൻ വിളിച്ച് പറയുമ്പോൾ ചെറിയൊരു ഞെട്ടൽ വായനക്കാരിൽ ഉണർത്തും. വായന പകുതിയലധികം എത്തുമ്പോൾ ജീവിതത്തിന്റെ അർത്ഥശൂന്യതയെക്കുറിച്ച് പരിതപിക്കുന്ന ഒരു അവസ്ഥയിലേക്കെത്തും. വായനയിലുടനീളം ചില ഭൂതകാല സ്മരണകൾ നമ്മെ പിന്തുടർന്നുകൊണ്ടേയിരിക്കും.

**സേറ**, ഡി1-വൊക്കേഷണൽ ബി.കോം.

# ചിന്താവിഷയം

*"നിങ്ങളുടെ പുഞ്ചിരികളെ സംരക്ഷിക്കുക*
*ജീവിതം സന്തുലനമാക്കുക*
*സത്യത്തിൽ മാത്രം വിശ്വസിക്കുക*
*സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുക."*

അതിജീവനത്തിനായി പരക്കം പായുന്ന ഈ ലോകത്ത് നമ്മൾ പലരും ചിരിക്കാൻ മറന്നിരിക്കുന്നു. സമ്പാദിക്കുന്ന തിരക്കിൽ നമ്മുടെയൊക്കെ സ്ഥായി ഭാവം ഗൗരവമായി മാറിയിരിക്കുന്നു. 100 കോടി കൈയിൽ ഉള്ളവൻ 200 കോടിയാക്കാൻ ഓടുന്നു. കൈയിൽ ഉള്ളത് ഒന്നുംതന്നെ അവനെ സംതൃപ്തനാക്കുന്നില്ല. പണത്തിന്റെ പുറകെ ഓടുമ്പോൾ ഒരു ഭാഗത്ത് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തുലാസ് താണിരിക്കുന്നു.

ജീവിതം എന്നത് ഭൗതികമായി അനുഭവിക്കുന്ന നേട്ടങ്ങൾ മാത്രമാണെന്നുള്ള തെറ്റായ ചിന്ത മനുഷ്യനെ പിടികൂടിയിരിക്കുന്നു. അതുകൊണ്ട് തന്നെ പാരമ്പര്യമായി കൊണ്ടുവന്ന പല ചിട്ടകളും പൊളിച്ചു പണിയുന്ന പ്രവണത കണ്ടുവരുന്നു. ഇതൊന്നും തന്നെ ശാശ്വതമല്ല. ഒരു പക്ഷേ ഒരു തിരിഞ്ഞു നോക്കൽ ഉണ്ടാകുമ്പോൾ നേടിയതൊന്നും കൂടെയുണ്ടാകണമെന്നില്ല. മണ്ണിനു ഭാരമായി നടക്കുന്നിടത്തോളം കാലം മനുഷ്യനായി ജീവിക്കുക. ചിരിക്കാൻ ശ്രമിക്കുക, സ്വപ്നങ്ങൾ കാണുക. സ്വപ്നങ്ങൾ നിങ്ങലെ പരമോന്നതിയിലെത്തിക്കും.

# കലാലയ വാർത്തകൾ

## ബസേലിയസ് കോളേജ്

### ഡോ. അലക്സാണ്ടർ വി. ജോർജ് സാറിന്റെ യാത്ര അയപ്പ്

മുൻ കോളേജ് പ്രിൻസിപ്പലായ പ്രൊഫ. അലക്സാണ്ടർ വി. ജോർജ് സാറിന്റെ യാത്ര അയപ്പ് ചടങ്ങ് അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നേതൃത്വത്തിൽ നടന്നു. പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ച സാറിന്റെ ആത്മാർത്ഥതയേയും സമർപ്പണ സ്വഭാവത്തേയും പ്രശംസിച്ചുകൊണ്ട് അദ്ധ്യാപകർ സാറിന് നന്ദി അർപ്പിച്ചു. അദ്ദേഹത്തിന്റെ വിശ്രമ ജീവിതത്തിന് എല്ലാ ഭാവുകങ്ങളും നേർന്ന് കൊണ്ട് യാത്ര അയപ്പ് സമ്മേളനം നടന്നു.

### ജൂബിലി സ്മാരക മന്ദിരത്തിന്റെ കൂദാശ

ബസേലിയസ് കോളേജിന്റെ സുവർണ്ണ ജൂബിലി സ്മാരക മന്ദിരത്തിന്റെ കൂദാശ കർമ്മം നിർവ്വഹിച്ചത് കോളേജ് മാനേജർ ഡോ. തോമസ് മാർ അത്തനാസിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിലാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കൂദാശയിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഭക്തിപൂർവ്വം പങ്കെടുക്കുകയുണ്ടായി.

### സ്നേഹവീട്

എൻ.എസ്.എസ്. യൂണിയന്റെ നേതൃത്വത്തിൽ സ്നേഹവീട് ഭവന നിർമ്മാണ പദ്ധതി ഈ വർഷത്തോടെ ആരംഭിച്ചു. മുൻ പ്രിൻസിപ്പൽ പ്രൊഫ. അലക്സാണ്ടർ വി. ജോർജ് സാർ തറക്കല്ലിട്ട് ഈ ഭവന നിർമ്മാണ പദ്ധതി ഉദ്ഘാടനം ചെയ്തു. പണികൾ പുരോഗമിക്കുന്നു. ഈ വർഷത്തെ സ്നേഹവീട് നിർമ്മിച്ച് കൊടുക്കുന്നത് ബസേലിയസ് കോളേജ് ജീവനക്കാരിയായ സുമച്ചേച്ചിക്കാണ്. ഈ ഭവന നിർമ്മാണത്തിന് വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നുള്ള എല്ലാ പിന്തുണയും ലഭിക്കുന്നുണ്ട്.

MGOCSM-ന്റെ കാവൽപിതാവ്




# മദർ തെരേസയുടെ പ്രാർത്ഥന



എന്റെ ദൈവമേ, ഞാൻ പോകുന്ന ഇടമെല്ലാം അങ്ങയുടെ പരിമളം പരത്തണമേ. അങ്ങയുടെ ആത്മാവിനാലും സ്നേഹത്താലും എന്റെ ആത്മാവിനെ നിറയ്ക്കേണമേ. എന്റെ ജീവിതം അങ്ങയുടെ തേജസ്സാകുവാൻ എന്റെ പൂർണ്ണ അസ്തിത്വത്തിലേക്ക് ആഴ്ന്നിറങ്ങേണമേ. എന്നിലും ഞാൻ കണ്ടുമുട്ടുന്നവരുടെ ആത്മാവിലും അങ്ങയുടെ സാന്നിധ്യം അനുഭവിച്ചറിയുവാൻ അങ്ങ് എന്നിൽ പ്രകാശിതനാവുകയും എന്നിലൂടെ പ്രകാശിക്കുകയും ചെയ്യണമേ. **എന്നിലൂടെ മറ്റുള്ളവർക്ക് അങ്ങയെ കാണുവാൻ സാധിക്കേണമേ. അങ്ങയുടെ തേജസ്സുപോലെ, മറ്റുള്ളവർക്ക് വെളിച്ചമായി ഞാൻ പ്രകാശിക്കുവാൻ എന്നോടൊപ്പം വസിക്കുമാറാകേണമെ. ആമേൻ.**

## വര



**നിഖിൽ**, ഡി1-ഇംഗ്ലീഷ്



MGOCSM-ന്റെ പുതിയ സാരഥിയായി നിയോഗിക്കപ്പെട്ട അഭി. സഖറിയാസ് മാർ അപ്രേം തിരുമേനിയ്ക്ക് **ആശംസകൾ**